പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 609 6.2.2013 ലെ മറുപടിക്ക്

പെട്രോൾ-ഡീസൽ വിലവർദ്ധന

| ചോദ്യം<br>ശ്രീ. സാജു പോൾ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ. അധികാരത്തിൽ വന്നതിനു ശേഷം എത്ര തവണ പെട്രോൾ-ഡീസൽ വിലവർദ്ധനയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | പതിമൂന്നാം തീയതിയിലുള്ള തെരഞ്ഞെടുപ്പ് ഫല പ്രഖ്യാപനത്തിനുശേഷം 14.5.2011-ന് ലിറ്ററിന് 5 രൂപയും,സെപ്റ്റംബർ 16-ന് 3 രൂപ 14 പൈസയും,നവംബർ 4 -ന് ലിറ്ററിന് 1 രൂപ 82 പൈസയും 2012 മേയ് 24-ന് 6 രൂപ 28 പൈസയും 24 ജൂലൈ 2012 -ന് 70 പൈസയുമാണ് എണ്ണക്കമ്പനികൾ പെട്രോളിന്റെ ബേസിക് പ്രൈസിൽ വരുത്തിയ വർദ്ധനവ്<br><br>2011 ജൂൺ 25-ന് ലിറ്ററിന് 3 രൂപയും 2012 സെപ്റ്റംബർ 14-ന് 5 രൂപയുമാണ് കേന്ദ്ര സർക്കാർ ഡീസലിന്റെ ബേസിക് പ്രൈസിൽ വരുത്തിയ വർദ്ധനവ്. 2013 ജനുവരി 18 മുതൽ കേന്ദ്ര സർക്കാർ ഡിസൽ വിലനിയന്ത്രണം എണ്ണക്കമ്പനികൾക്ക് കൈമാറി. ടി ദിവസം ഡീസലിന്റെ വില ലിറ്ററിന് 45 പൈസ ബേസിക് പ്രൈസിൽ വർദ്ധിപ്പിച്ചു. |
| (ബി) | പ്രസ്തുത അവസരങ്ങളിൽ കൂട്ടിയ വിലയുടെ വിൽപ്പന | (ബി) | യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം |

| | | | |
|---|---|---|---|
| | നികുതി വേണ്ടെന്നു വെച്ചിട്ടുള്ളത് എപ്പോഴെല്ലാം; വിശദമാക്കാമോ ? | | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വർദ്ധനവ് വരുത്തുമ്പോൾ ആ വില വർദ്ധനവിന്മേലുള്ള അധിക നികുതി വേണ്ടെന്നു വയ്ക്കുകയും ഇതിനുവേണ്ടി റവന്യൂ ന്യൂട്രൽ റേറ്റിലുള്ള നികുതി നിരക്ക് കണ്ടെത്തുകയും മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി വില വർദ്ധനവ് വരുമ്പോഴും കിട്ടത്തക്കവിധം നികുതിനിരക്ക് കുറച്ച് പുന:ക്രമീകരിക്കുകയും ചെയ്യുന്നു. ഇതിനാൽ വില വർദ്ധനവിനെ തുടർന്നുള്ള അധിക നികുതി ഉപഭോക്താവിലേക്ക് pass on ചെയ്യുന്നില്ല. 24 ജൂലൈ 2012-ന് 70 പൈസ എണ്ണക്കമ്പനികൾ പെട്രോളിന്റെ ബേസിക് പ്രൈസിൽ വർദ്ധനവ് നടത്തിയപ്പോഴും 2013 ജനുവരി -18 ന് ഡീസലിന്റെ ബേസിക് പ്രൈസിൽ 45 പൈസ കൂട്ടിയപ്പോഴും നികുതി നിരക്കിൽ പുന:ക്രമീകരണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ